ആവശ്യപ്പെട്ട പദ്ധതി അടങ്കലിനെ അപേക്ഷിച്ച് യഥാക്രമം 10.8%, 6.8%, 13.2%, 10.4% കുറവായിരുന്നെങ്കിൽ കേരളത്തിന്റേത് 6.2% മാത്രമായിരുന്നു. പശ്ചിമബംഗാളിന്റെ കോർപ്ലാൻ കഴിഞ്ഞ വർഷത്തെ പദ്ധതി അടങ്കലിനെ അപേക്ഷിച്ച് 2.23% കുറവായിരുന്നെങ്കിൽ കേരളത്തിന്റെ കോർപ്ലാൻ കഴിഞ്ഞ വർഷത്തെ പദ്ധതി അടങ്കലിനെ അപേക്ഷിച്ച് 2.1% കൂടുതലാണ്.

(എഫ്) വാർഷിക പദ്ധതികളുടെ നടത്തിപ്പിലും പദ്ധതി തുക വിനിയോഗിക്കുന്നതിലും കഴിഞ്ഞ വർഷങ്ങളിൽ കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ കാര്യക്ഷമതയുടെ ഉത്തമദൃഷ്ടാന്തങ്ങളാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതി സർക്കാർ നിരന്തര പഠനത്തിനും അവലോകനത്തിനും വിധേയമാക്കിക്കൊണ്ടിരിക്കുന്നു.

പൊതുജനാരോഗ്യ മേഖലയിൽ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം

12 (*12) ശ്രീ. എം. ദാസൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്:
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയെ മെച്ചപ്പെടുത്താനും സങ്കീർണ്ണമായ രോഗങ്ങളുടെ ചികിത്സയ്ക്കുമായി എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം അനിവാര്യമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗ്രാമീണജന വിഭാഗങ്ങൾക്ക് വിദഗ്ധ ചികിൽസ ലഭ്യമുക്കുന്നതിന്റെ ഭാഗമായി ഇതിനകം എത്ര ആരോഗ്യ സ്ഥാപനങ്ങൾ ഫസ്റ്റ് റഫറൽ യൂണിറ്റുകളാക്കാൻ തീരുമാനമായിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(എഫ്) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ തുടർ വിദ്യാഭ്യാസ പദ്ധതി, തിരുവനന്തപുരം കണ്ണാശുപത്രിയിലെ താക്കോൽ ദ്വാര നേത്ര ശസ്ത്രക്രിയ പദ്ധതി എന്നിവയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഏർപ്പെടുത്താൻ ഉദ്ദേശിച്ചുള്ള സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) ഇതിലേക്കായി പ്രത്യേകം ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം നിലവിലുണ്ട്. മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിലെ (കൊല്ലം, എറണാകുളം, മലപ്പുറം, പാലക്കാട്, കാസർഗോഡ്) ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ തുടങ്ങുന്നതിലേക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. തലശ്ശേരി, പത്തനംതിട്ട ജനറൽ ആശുപത്രികളിലും പാലക്കാട് ജില്ലാ ആശുപത്രിയിലും കാർഡിയോളജി യൂണിറ്റ് തുടങ്ങുന്നതിനും പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. ഇതിലേക്കായി നവീനോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതയിലും പ്രധാനപാതയിലും സ്ഥിതി ചെയ്യുന്ന 10 താലൂക്കുതല ആശുപത്രികളിൽ കാഷ്വാലിറ്റി വിഭാഗം സ്ഥാപിക്കുന്നതിനായി 12-6-2000-ന് ഉത്തരവായി. 100 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2000-2001-ൽ സർക്കാർ ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗം തുടങ്ങി ഘട്ടം ഘട്ടമായി ജില്ലാ ആശുപത്രികൾ, തുടർന്ന് 100 കിടക്കകളുള്ള ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. ആയുർവേദ വകുപ്പിൽ " ജില്ലാ ആശുപത്രികളിലെ മർമ്മ വിഭാഗവും പഞ്ചകർമ്മ ചികിത്സാ വികസനവും" എന്ന പദ്ധതി അനുസരിച്ച് എല്ലാ ജില്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം ഏർപ്പെടുത്തി വരുന്നുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരം സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പു ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിൽ ധനലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി സ്പെഷ്യാലിറ്റി വിഭാഗം ഏർപ്പെടുത്തി വരുന്നു. ആയുർവേദ ചികിത്സാ വിഭാഗത്തിൽ ജില്ലാ ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി വിഭാഗങ്ങൾ തുറന്ന് പ്രവർത്തിച്ചു വരുന്നത്. ഇത് പ്രദേശത്തിന്റെ ആവശ്യകതയുടേയും ധനലഭ്യതയുടേയും അടിസ്ഥാനത്തിലാണ് നടപ്പാക്കി വരുന്നത്.

(ഡി) എഴുപത് (70)

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള തുടർ വിദ്യാഭ്യാസ പദ്ധതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്കുവേണ്ടി നടത്തി വരുന്നു. തിരുവനന്തപുരം കണ്ണാശുപത്രിയിൽ താക്കോൽ ദ്വാര നേത്ര ശസ്ത്രക്രിയാ പദ്ധതി കഴിഞ്ഞ മൂന്നുമാസമായി നടത്തി വരുന്നു. ഇത് വ്യാപകമായിട്ടില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ജി) എ & ബി വിഭാഗത്തിലെ മറുപടി ഇതിനു പര്യാപ്തമാണ്.

ജനകീയ പോലീസ് പദ്ധതി

13 (*13) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. സി എഫ്. തോമസ് :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയ പോലീസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പായി വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളുമായി കൂടിയാലോചിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പദ്ധതിയെ സംബന്ധിച്ച് വിവിധ രാഷ്ട്രീയ കക്ഷികൾക്കും മറ്റും അയച്ചു കൊടുത്ത കരട് രൂപം സംബന്ധിച്ച് എത്ര രാഷ്ട്രീയ പാർട്ടികൾ അഭിപ്രായം അറിയിച്ചിട്ടുണ്ട്.

(ഡി) ഓരോ പാർട്ടിയും ഇതു സംബന്ധിച്ച് സർക്കാരിനെ അറിയിച്ചിട്ടുള്ള വിവരങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) പുതിയ പോലീസ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്ന പരിവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ജി) ഈ പദ്ധതി കൊണ്ട് ഇന്ന് നിലവിലുള്ള പോലീസ് ഭരണം കാര്യക്ഷമമാകുമെന്ന് കരുതുന്നുണ്ടോ ;

(എച്ച്) വാർഡുകളിൽ രൂപീകരിക്കുന്ന പീപ്പിൾസ് പോലീസ് സമിതികളിലെ കൺവീനർമാരായ പോലീസുകാർക്ക് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ടോ ;

(ഐ) ഈ പരിശീലനത്തിന് ക്ലാസ് എടുക്കാൻ നിയോഗിക്കപ്പെട്ടവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ജെ) ജനകീയ പോലീസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(കെ) ജനകീയ പോലീസ് പദ്ധതി ഏതു രൂപത്തിൽ എങ്ങനെ നടപ്പിലാക്കാനാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; ഇതു സംബന്ധിച്ച കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[ചോദ്യം നമ്പർ 12 (*12) കാണുക]

REVISED LIST OF FRUs IN KERALA 19-10-1996

TRIVANDRUM	KOLLAM
1. W & C Hospital, Thycaud	1. THQH Kottarakkara
2. Dist. Hospital Peroorkada	2. THQH Karunagapally
3. THQH Neyyatinkara	3. THQH Punalur
4. THQH Chirayinkil	4. Victoria Hospital, Kollam
5. CHC Nedumangadu	5. Govt.Hospital Kadakkal
KOTTAYAM	PATHANAMTHITTA
1. Govt. Hospital Vaikom	1. CHC Adoor
2. THQH Changanassery	2. Gen.Hospital, Pathanamthitta
3. THQH Kanjirappally	3. Dist.Hospital, Kozhenchery
4. THQH Palai	4. Govt.Hospital ,Thiruvalla
5. Dist.Hospital, Kottayam	5. THQH Mallapally
ALAPPUZHA	IDUKKI
1.Govt. Hospital, Pulimkunnu	1. THQH Peerumedu
2. Dist. Hospital, Chengannur	2. Dist. Hospital, Painavu
3. THQH Chertala	3. THQH Thodupuzha
4. THQH Haripad	4. CHC Nedumkandam
5. THQH Mavelikkara	5. CHC, Adimali
6. Govt. Hospital Kayamkulam	
ERNAKULAM	THRISSUR
1 .Govt. Hospital, Ernakulam	1. Dist. Hospital, Thrissur
2. Govt. Hospital, Perumbavoor	2. Govt. Hospital, Chalakudi

LIBRARY ARCHIVES Kerala Legislative Assembly

3. Govt. Hospital, Aluva
4. Govt. Hospital, Moovattupuzha
5. Govt.Hospital, N.Paroor
6. CHC Kothamangalam
7. W & C Hospital, Mattanchery

PALAKKAD

1. THQH Alathur
2. Dist. Hospital, Palakkad
3. THQH Ottapalam
4. THQH Chittur
5. CHC Mannarkad

KOZHIKODE

1. W & C Hospital, Kozhikode
2. Govt.Hospital Badagara
3. THQH Quilandy
4. Govt.Hospital, Thamarassery
5. Dist. Hospital, Kuttiyadi

KANNUR

1. Dist. Hospital, Kannur
2. Govt.Hospital ,Thaliparambu
3. THQH Thalassery
4. THQH Payyannur
5. Govt. Hospital, Koothuparambu

3. THQH Kodungallur
4. THQH Irrinjalakkuda
5. THQH Chavakkad
6. THQH Vadakkanchery

MALAPPURAM

1. Govt. Hospital Ponnani
2. Govt. Hospital ,Tirur
3. Govt. Hospital, Nilambur
4. Dist. Hospital, Manjeri
5. Govt.Hospital, Perinthalmanna

WAYANAD

1. Dist. Hospital, Mananthavadi
2. THQH Sultanbattery
3. Govt.Hospital, Kalpetta

KASARGOD

1. Dist. Hospital, Kasargode
2. THQH Kanhagad
3. CHC Panathady

LIBRARY ARCHIVES Kerala Legislative Assembly